ഉത്തരം

(എ) കഴിഞ്ഞ 15 മാസമായി ഈ റോഡിന്റെ പണിയുടെ ഒന്നാം ഘട്ട മെറ്റലിംഗ് മാത്രം ചെയ്ത അവസ്ഥയിൽ തുടരുകയാണ്. ഈ വർക്ക് പൂർത്തിയാക്കാൻ 4.86 ആർ-ഉം 15.556 ആർ-ഉം വീതം വിസ്തീർണ്ണം ഉള്ളതും, റീസർവ്വെ പ്രകാരം പുറംപോക്കിൽപ്പെട്ടതുമായ രണ്ടു വസ്തുക്കൾ കൂടി റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും വിട്ടുകിട്ടേണ്ടതായിട്ടുണ്ട്.

(ബി) റോഡിന്റെ അലൈൻമെന്റിനെ ചൊല്ലി വസ്തു ഉടമകളുമായി ഉണ്ടായ തർക്കവും അതുമൂലമുണ്ടായ കേസ്സുകളും, അലൈൻമെന്റിൽ പിന്നീടുണ്ടാക്കിയ മാറ്റവും കോൺട്രാക്ടറുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവവും മൂലമാണ് പ്രസ്തുത വർക്ക് നീണ്ടുപോകാൻ കാരണം.

(സി) ഇനി ബാക്കിയുള്ള ജോലികൾ പൂർത്തിയാക്കുന്നതിനു വേണ്ടി കോൺട്രാക്ടർക്ക് ഫൈനൽ നോട്ടീസ് കൊടുത്തിട്ടുണ്ട്.

മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി

172 [1523] ശ്രീ. കെ.പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-മീത്തലെ-ചമ്പാട് റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപടികൾ എന്തൊക്കെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) പ്രവൃത്തി എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-മീത്തലെ-ചമ്പാട് റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള ഭാഗം (കി.മീ.6/126 മുതൽ 7/126 വരെ) പുനരുദ്ധാരണം നടത്തുന്നതിന് സർക്കാർ ഉത്തരവ് സാധാരണ നമ്പർ 1159/04/പൊ.മ.വ. തീയതി 20-11-2004 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 67.5 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റും തയാറാക്കിയിട്ടുണ്ട്.

(ബി ആൻറ് സി) റോഡ് വീതി കൂട്ടി പരിഷ്കരിക്കുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിന് ആവശ്യമായ സർവ്വേ മാപ്പ് ബന്ധപ്പെട്ട തഹസിൽദാരിൽനിന്നും ലഭിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി കിട്ടിയാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

കൽക്കുന്നൽ-പെരിഞ്ഞോംകുട്ടി റോഡിന്റെ നിർമ്മാണം

173 [1524] ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly